PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1970

Monday, the 12th January 1970

Vol. XXVI] **OFFICIAL REPORT** **[No. 2**

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 12th January, 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session.)

ORAL ANSWERS

പഞ്ചായത്ത് തെരഞ്ഞെടുപ്പ്

*1 [1] ശ്രീ. എം. കെ. എ. ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കുവാൻ ഗവൺമെൻറു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തെരഞ്ഞെടുപ്പ് എപ്പോഴെ നടത്താനാണുദ്ദേശിക്കുന്നത്;

(സി) തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കാനുള്ള കാരണങ്ങളെന്ത്?

തദ്ദേശസ്വയംഭരണമന്ത്രി: (ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി):

(എ) ഉണ്ട്.

(ബി) 1970—ാമാണ്ട് ആഗസ്റ്റ് 1—ാംതീയതിക്കുമുമ്പായി.

(സി) 1970—ാമാണ്ട് ജനുവരി 15—ാംതീയതി സംസ്ഥാനത്തെ അസംബ്ലിനിയോജകമണ്ഡലങ്ങളുടെ വോട്ടർപട്ടിക പുതുക്കി പ്രസിദ്ധീകരിക്കുവാൻ വേണ്ടി ഇലക്ഷൻ കമ്മിഷൻ നടപടി സ്വീകരിച്ചതുകൊണ്ട് 1969—ാമാണ്ട് നവമ്പർമാസം 15—ാംതീയതി പുതുക്കി പ്രസിദ്ധീകരിച്ച പഞ്ചായത്തു വോട്ടർപട്ടികയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതും പഞ്ചായത്തു നിയമത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായതുകൊണ്ട് പഞ്ചായത്തു തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കേണ്ടിവന്നു.

ശ്രീ. എം. കെ. എ. ഹമീദ്: പുതിയ വോട്ടേഴ്സ് ലിസ്റ്റ് ജനുവരി 15-ാം തീയതി പ്രസിദ്ധീകരിക്കുമെന്നാണു് പറയുന്നത്. എന്നാൽ തെരഞ്ഞെടുപ്പ് നടത്താനുള്ള ഏർപ്പാടു് 1969 നവംബറിൽ പൂർത്തിയായി. ആ നിലയ്ക്കു് ആഗസ്റ്റുമാസം വരെ ഇലക്ഷൻ നീട്ടിവയ്ക്കാതെ ഫെബ്രുവരി മാസം അവസാനത്തിലോ മാർച്ചുമാസം ആദ്യമോ നടത്താനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പുതുക്കിയ ലിസ്റ്റ് ജനുവരി 15-ാം തീയതി പ്രസിദ്ധീകരിച്ചാലും അതിന്റെ കോപ്പി വേണ്ടത്ര ലഭിക്കേണ്ടതുണ്ട്. അങ്ങിനെ കോപ്പികളും ലഭിക്കുന്നതിനു മേയ്, ജൂൺ മാസംവരെ പിടിക്കും.

ശ്രീ. എം. കെ. എ. ഹമീദ്: അടുത്തകാലത്തായി കുറെയധികം പഞ്ചായത്തുകളെ വിഭജിച്ചിട്ടുണ്ട്. അങ്ങനെ വിഭജനം നടന്നപ്പോഴും ചില അപാകതകളും ഉള്ളതായി പരാതി ഉണ്ടായിട്ടുണ്ട്. ആ പരാതികളും ഉടൻതന്നെ പരിഗണിച്ച് ന്യായമായ പരിഹാരനടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: കഴിയുന്നത്ര പരാതികളും ഇപ്പോഴത്തന്നെ പരിഹരിച്ചിട്ടുണ്ട്. ഇനിയും അത്യാവശ്യമാണെങ്കിൽ പരിഗണിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: പുതുക്കിയ വോട്ടേഴ്സ് ലിസ്റ്റ് വച്ചല്ലാതെ പഴയ ലിസ്റ്റുവച്ചു പഞ്ചായത്ത് ഇലക്ഷൻ നടത്താൻ വല്ല തടസ്സവുമുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: തടസ്സമുണ്ട്. പഞ്ചായത്ത് ആക്ട് 15(2) അനുസരിച്ച് പഴയ ലിസ്റ്റ് അനുസരിച്ച് പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തുന്നത് നിയമപ്രകാരം ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പഞ്ചായത്തുരാജ് ബിൽ അടുത്ത തെരഞ്ഞെടുപ്പിനു മുമ്പായിട്ട് പാസ്സാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അത് പാസാക്കിയിട്ടേ അടുത്ത തെരഞ്ഞെടുപ്പ് നടത്തുകയുള്ളോ? അതോ അതിനു മുമ്പു പഞ്ചായത്തു തിരഞ്ഞെടുപ്പ് ഉണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പഞ്ചായത്തുരാജ് ബിൽ ഈ സമ്മേളനത്തിൽതന്നെ പാസാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പഞ്ചായത്തുരാജ് ബിൽ പാസായി നടപ്പിലാകുകയാണെങ്കിൽ ആ ബില്ലനുസരിച്ച് വീണ്ടും പഞ്ചായത്ത് തെരഞ്ഞെടുപ്പു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? ഇനി നടത്തുന്ന തെരഞ്ഞെടുപ്പിൽ വരുന്ന പഞ്ചായത്തുകൾക്ക് പുതിയ പഞ്ചായത്തുരാജ് ബിൽ അനുസരിച്ചുള്ള അധികാരം വെസ്റ്റു ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഇനി തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകൾക്ക് പുതിയ ബില്ലനുസരിച്ചുള്ള അധികാരങ്ങളും നൽകാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആർ. എസ്. ഉണ്ണി: പഞ്ചായത്തുതെരഞ്ഞെടുപ്പിനുവേണ്ടി വോട്ടർ പട്ടിക പുതുക്കിയെന്നു പറയുകയുണ്ടായി. എന്നാൽ പല സ്ഥലങ്ങളിലും കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള സൗകര്യം കിട്ടിയിട്ടില്ല. നോട്ടീസ് വളരെ കുറഞ്ഞകാലാവധിക്കുള്ളിലാണ് കിട്ടിയതെന്നും വോട്ടേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക പുതുക്കിയതിനെ സംബന്ധിച്ച് വല്ല ആക്ഷേപവും ഗവൺമെൻറിലേക്ക് കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: വോട്ടേഴ്സ് ലിസ്റ്റ് പുതുക്കിയതിനെ സംബന്ധിച്ച് ആക്ഷേപമില്ല. കൂടുതൽ ആളുകളെ ചേർക്കാനുള്ള അവസരം വീണ്ടും വേണമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പഞ്ചായത്ത് രാജ് നിയമം പാസാക്കി അതനുസരിച്ച് പഞ്ചായത്തുകളിലേക്കും ജില്ലകളിലേക്കും ഒരുമിച്ചു മാത്രമേ ഇലക്ഷൻ നടക്കുകയുള്ളോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പഞ്ചായത്തുരാജ് നിയമം ഈ അസംബ്ലിയിൽ പാസാക്കി നടപ്പിൽ വരുത്തുകയാണെങ്കിൽ രണ്ടും കൂടി ഒന്നിച്ച് നടത്താമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. സി. കണ്ണൻ: പുനർവിഭജനം ചെയ്യേണ്ട പഞ്ചായത്തുകളും പുനർവിഭജനം ചെയ്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അങ്ങനെയാണെങ്കിൽ എത്ര പഞ്ചായത്തുകളും പുനർവിഭജനം ചെയ്തുവെന്നും ഇനി എത്ര എണ്ണം പുനർവിഭജനം നടത്താനുണ്ടെന്നും പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: 32 പഞ്ചായത്തുകളും പുനർവിഭജനം നടത്തിയിട്ടുണ്ട്. അതുമൂലം പത്തൊൻപത് പഞ്ചായത്തുകളും പുതിയതായി നിലവിൽ വന്നിട്ടുണ്ട്.

ശ്രീ. എം. കൃഷ്ണൻ: പുതുക്കിയ ലിസ്റ്റിലുള്ള ക്രമക്കേടിന് പരിഹാരം കാണാൻ എന്തു നടപടി സ്വീകരിക്കാനാണ് പോകുന്നത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: പരിഹാരം കാണാനുള്ള പ്രശ്നം ഇപ്പോൾ നിലവിലില്ല.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: വാർഡു വിഭജനത്തിലുണ്ടായിട്ടുള്ള ക്രമക്കേടുകളെപ്പറ്റി പരിഗണിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: പരിഗണിച്ചു കഴിഞ്ഞിട്ടുണ്ട്. ഇനിയും അത്യാവശ്യമാണെങ്കിൽ പരിഗണിക്കാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കും ആവശ്യമായ വോട്ടർ പട്ടിക തയാറാക്കുക, പുതുക്കുക മുതലായ കാര്യങ്ങൾ സംസ്ഥാനഗവൺമെൻറു ആഡിപ്പാർട്ടുമെൻറു മുഖേന നടത്തണമെന്ന് ഇലക്ഷൻ കമ്മിഷൻ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പുതിയതായി നിർദ്ദേശം നൽകിയതായി എന്റെ ഓർമ്മയിലില്ല.

ശ്രീ. എ. വി. ആര്യൻ: പഞ്ചായത്തു തിരഞ്ഞെടുപ്പു പഞ്ചായത്ത് രാജ് ബിൽ പാസാക്കുന്നതിനുമുമ്പു നടത്തുമെന്നും, കഴിഞ്ഞ ഡിസംബറിലോ ഈ ജനുവരിയിലോ നടത്തുമെന്നും ഈ ബഹുമാനപ്പെട്ട മന്ത്രി മുമ്പു പ്രഖ്യാപിച്ചിരിക്കേ പെട്ടെന്ന് ഇപ്പോൾ ഒരു മാറ്റം വരുത്തിയതിനു വല്ല കാരണവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: എന്റെ ആഗ്രഹം ഇലക്ഷൻ നീട്ടിക്കൊണ്ടുപോകരുതെന്നായിരുന്നു.

ശ്രീമതി. കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട മെമ്പറൻമാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മന്ത്രി ഉത്തരം പറയുന്നത് ക്ലീയറായിട്ടു കേൾക്കുന്നില്ല. എന്താണ് അതിനുള്ള കാരണമെന്നറിഞ്ഞുകൂടാ?

ശ്രീ. ടി. കെ. കൃഷ്ണൻ: ഡിസംബർ മാസത്തിൽ തെരഞ്ഞെടുപ്പു നടത്തുന്ന പരിപാടി നിറുത്തിവെച്ചിട്ടു തിരഞ്ഞുപിടിക്കൽ പരിപാടി ആരംഭിച്ചിരിക്കുകയാണോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പഞ്ചായത്തുകളുടെ വാർഡു വിഭജനം നടത്തിയതിൽ എത്രയെണ്ണം ഹൈക്കോടതിയിൽനിന്നും സ്റ്റേ ചെയ്തിട്ടുണ്ട്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: വളരെ ചുരുക്കം കേസ് മാത്രമേയുള്ളു.

ശ്രീ. കെ. ഐ. രാജൻ: പഞ്ചായത്തുകളിൽ ഡീലിമിറ്റേഷൻ നടത്തിയപ്പോഴും മുമ്പു ഹരിജനങ്ങൾക്ക് സീറ്റു റിസർവു ചെയ്തിട്ടുണ്ടായിരുന്നത് ഇല്ലാതാക്കുകയുണ്ടായി. ഹരിജനങ്ങൾക്ക് സീറ്റു റിസർവു ചെയ്യുന്നതിനാവശ്യമായ നടപടികളും പിന്നീടു സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: മിക്കവാറും എല്ലാത്തിനും പരിഹാരം കണ്ടിട്ടുണ്ട്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: കേരളത്തിലെ പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പു പഞ്ചായത്തു രാജ് ബിൽ നടപ്പിലാക്കിയതിനുശേഷം മാത്രം മതിയെന്ന് പ്രമുഖ മാർക്സിസ്റ്റു എം. എൽ. എ. മാർ ഉൾപ്പെട്ട കേരള പഞ്ചായത്ത് പ്രസിഡണ്ട് അസോസിയേഷൻ പഞ്ചായത്തുവകുപ്പു മന്ത്രിക്ക് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: എന്റെ ഓർമ്മയിലില്ല.

മി. സ്പീക്കർ: ചോദ്യം 2 മുഖ്യമന്ത്രി ഉത്തരം പറയും.

ശ്രീ. സി. കണ്ണൻ: സർ, ഈ സഭയിൽ അംഗമല്ലാത്ത ഒരാൾ ഇവിടെ കടന്നു ഇരിക്കുന്നതായി കാണുന്നു. അതാരാണ്? ഇവിടെ അംഗമല്ലാത്ത ഒരാളെ സഭയിൽ കടന്നിരിക്കാൻ അനുവദിച്ചതാരാണ്?

മി. സ്പീക്കർ: ചോദ്യോത്തരസമയം കഴിഞ്ഞതിനുശേഷം നമുക്ക് മറ്റു കാര്യങ്ങളെക്കുറിച്ച് സംസാരിക്കാം.

ശ്രീ. ഇ. എം. ജോർജ്: ചോദ്യോത്തരസമയം കഴിയുന്നതുവരെ ഈ സഭയിൽ അംഗമല്ലാത്ത ഒരാളെ സഭയിൽ കടന്നിരിക്കാൻ അനുവദിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ചോദ്യോത്തരസമയം കഴിഞ്ഞതിനുശേഷം അതിനെക്കുറിച്ചു മറുപടി പറയാം.

ശ്രീ. സി. കണ്ണൻ: ചോദ്യോത്തരസമയം കഴിഞ്ഞതിനുശേഷം അതിനെക്കുറിച്ചുള്ള മറുപടി അങ്ങു തരുമോ?

മി. സ്പീക്കർ: തരാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇദ്ദേഹത്തെ ഞങ്ങൾ രാ സഭയിലേക്ക് തിരഞ്ഞെടുത്തു അയച്ചതാണ്. ഇവിടെ വന്നിരുന്നു മറുപടി പറയുന്നത് എന്തിനാണെന്ന് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ആർഡർ, ആർഡർ.

(ഈ സമയം ശ്രീ. ഇ. എം. ജോർജും, ശ്രീ. എസ്. ദാമോദരനും ചാടിയെണീറ്റ് പല ചോദ്യങ്ങളും ചോദിച്ച് ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഈമാതിരി വല്ല സംശയവുമുണ്ടെങ്കിൽ ചോദ്യോത്തരം കഴിഞ്ഞിട്ട് സമാധാനം പറയാമെന്ന് ഞാൻ തന്നെ മറുപടി പറഞ്ഞുകഴിഞ്ഞതാണ്. അതല്ലാതെ ഇപ്പോഴും ചോദിച്ചിട്ട് കാര്യമില്ല. ഇപ്പോഴും ചോദിച്ചാൽ മറുപടി പറയാൻ പോകുന്നുമില്ല.

ശ്രീ. ഇ. എം. ജോർജ്: ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. ഇത് ഞങ്ങൾക്ക് അറിയേണ്ട കാര്യമാണ്. സഭയിൽ, അംഗമല്ലാത്ത ഒരാൾ വന്നിരുന്നു മറുപടി പറയുന്നത് എന്തിനാണെന്നു മനസിലാകുന്നില്ല.

മി. സ്പീക്കർ: ഇത്തരം തർക്കവിഷയമായ കാര്യങ്ങൾക്ക് ചോദ്യോത്തരസമയം കഴിഞ്ഞതിനുശേഷം മറുപടി പറയാം.

മന്ത്രിമാരുടെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ

*2 [2] ശ്രീ. പി. എൻ. ചന്ദ്രസേനൻ;
ശ്രീ. ജോസഫ ചാഴിക്കാട്ട്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മീഷൻ ഓഫ് എൻകയറീസ് ആക്റ് അനുസരിച്ച് ഏതെല്ലാം മുൻ മന്ത്രിമാരുടെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെ കുറിച്ചാണ് അന്വേഷണത്തിന് ഉത്തരവായിട്ടുള്ളത്;

(ബി) അന്വേഷണം നടത്തുന്നതിന് ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ അന്വേഷണങ്ങൾ എന്നത്തേക്കു പൂർത്തിയാകും;

(ഡി) മുൻമുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പേരിൽ അന്വേഷണം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടും അത് നടത്താതിരിക്കാൻ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ) ശ്രീ. പി. കെ. കുഞ്ഞ്, ശ്രീ. ടി. വി. തോമസ്, ശ്രീ. എം. എൻ. ഗോവിന്ദൻ നായർ, ശ്രീ. പി. ആർ. കുറുപ്പ്, ശ്രീ. ബി. വെല്ലിംഗ്ടൺ, ശ്രീ. ഇ. കെ. ഇമ്പിച്ചബാവ, ശ്രീ. എം. കെ. കൃഷ്ണൻ, ശ്രീ. മത്തായിമാഞ്ഞൂരാൻ, ശ്രീമതി കെ. ആർ. ഗൗരി.

LIBRARY ARCHIVES Kerala Legislative Assembly